# സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: വി. എൻ. ജിതേന്ദ്രൻ)

ഉത്തരവ് നമ്പർ : **ഇ9/5800/14**

തിരുവനന്തപുരം
തീയതി : 08-09-2014

---

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം- സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 19-03-2012 ലെ ഇ9/46406/2011 സ്പെഷ്യൽ സാ.ക്ഷേ.ഡ. നമ്പർ നടപടിക്രമങ്ങൾ
2. കോഴിക്കോട് വി. റ്റി.സി. സൂപ്പർവൈസറുടെ 04-08-2014 ലെ വി. റ്റി.സി. /കെ/68/2014 നമ്പർ കത്തിലൂടെ ലഭ്യമായ ശ്രീ. പി. കെ. ഷിജു, ലതർ വർക്ക്സ് ഇൻസ്ട്രക്ടറിന്റെ 01-08-2014 ലെ അപേക്ഷ

കോഴിക്കോട് വി. റ്റി.സി. യിൽ ലതർ വർക്ക്സ് ഇൻസ്ട്രക്ടറായി സേവനമനുഷ്ടിക്കുന്ന ശ്രീ. പി. കെ. ഷിജു കോഴിക്കോട് പി.എസ്സ്.സി യുടെ 05-07-2006 ലെ DV(1)3478/03/KPSC നമ്പർ അഡ്വൈസ്മെമ്മോ പ്രകാരവും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 26-07-2006 ലെ ഇ8/28969/03 സാ.ക്ഷേ.ഡ നമ്പർ ഉത്തരവ് പ്രകാരവും ഈ വകുപ്പിൽ 07-08-2006 ൽ ലതർ വർക്ക്സ് ഇൻസ്ട്രക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ടെയിലറിംഗ് ഇൻസ്ട്രക്ടർ, ക്രാഫ്റ്റ് ഇൻസ്ട്രക്ടർ, ലതർവർക്ക്സ് ഇൻസ്ട്രക്ടർ, മേട്രൺ ഗ്രേഡ്-1 എന്നീ വിഭാഗങ്ങളിലെ 30-11-2010 രെയുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. പി. കെ. ഷിജുവിന്റെ പേര് ക്രമ നമ്പർ 8 ആയിട്ടാണ് വന്നിട്ടുള്ളത്. എന്നാൽ ക്രമ നമ്പർ 7 ലെ ശ്രീമതി. എസ്സ് സജിത കൊല്ലം പി.എസ്സ്. സി യുടെ 26-11-2008 ലെ QR II(3) 617/03 നമ്പർ അഡ്വൈസ്മെമ്മോ പ്രകാരവും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 10-12-2009 ലെ ഇ8/8986/07 സാ.ക്ഷേ.ഡ നമ്പർ ഉത്തരവ് പ്രകാരവും ഈ വകുപ്പിൽ 18-11-2009 ൽ ടെയിലറിംഗ് ഇൻസ്ട്രക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ പരാമർശം(1) ലെ ഉത്തരവിൽ സംയോജിത സീനിയോറിറ്റി ക്രമത്തിൽ ശ്രീ. പി. കെ. ഷിജു ക്രമ നമ്പർ 7 ൽ വരേണ്ടതിന് പകരം ക്രമ നമ്പർ 8 ആയി വരുകയും, ക്രമ നമ്പർ 8 ൽ വരേണ്ട ശ്രീമതി. എസ്സ് സജിത ക്രമ നമ്പർ 7 ആയി തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതിനെതിരേയാണ് ശ്രീ. പി. കെ. ഷിജു പരാതിപ്പെട്ടിരിക്കുന്നത്.

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ പരാതിപ്പെടാതെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞ് ഇപ്പോഴാണ് ജീവനക്കാരൻ പരാതി ഉന്നയിച്ചിരിക്കുന്നത്. എന്നാൽ അപാകത ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും ആയത് ജീവനക്കാരന്റെ സ്ഥാനക്കയറ്റത്തെ ബാധിക്കുമെന്നതിനാലും ഇക്കാര്യം പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ശ്രീ. പി. കെ. ഷിജുവിന്റെ അഡ്വൈസ് തീയതി 05.07.2006 ഉം ശ്രീമതി. എസ്സ് സജിതയുടെ അഡ്വൈസ് തീയതി 26.11.2008 ഉം ആണെന്ന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ പരാമർശം(1) പ്രകാരം

പ്രസിദ്ധീകരിച്ച ടെയിലറിംഗ് ഇൻസ്ട്രക്ടർ, ക്രാഫ്റ്റ് ഇൻസ്ട്രക്ടർ, ലതർവർക്ക്സ് ഇൻസ്ട്രക്ടർ, മേട്രൺ ഗ്രേഡ്-1 എന്നീ വിഭാഗങ്ങളിലെ 30-11-2010 രെയുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. പി. കെ. ഷിജുവിന്റെ പേര് ശരിയായ സീനിയോറിറ്റി ക്രമത്തിൽ ക്രമനമ്പർ 7 ആയും ശ്രീമതി. എസ്സ് സജിതയുടെ പേര് ക്രമനമ്പർ 8 ആയും പുനക്രമീകരിച്ച്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജീവനക്കാരുടെ സേവനവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | നിയമന നിർദ്ദേശ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽപ്രവേശിച്ച തീയതി |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 7 | ശ്രീ. പി. കെ. ഷിജു | 20-05-1978 | SSLC Leather Works | | DV(1)3478/03 /KPSCm KKD dt. 05-07-2006 | E8/28969/03/ DSW dt. 26-07-2006 | 07-08-2006 |
| 8 | ശ്രീമതി. എസ്സ് സജിത | 20-04-1980 | SSLC, Tailoring, ,needle work & embroidery | | QR II(3) 617/03 PSC, KLM dt. 26-11-2008 | E8/8986/07 / DSW dt. 10-12-2009 | 18-12-2009 |

ഒപ്പ്

സാമൂഹ്യ നീതി ഡയറക്ടർ

1. ശ്രീ. പി. കെ. ഷിജു, ലതർ വർക്ക്സ് ഇൻസ്ട്രക്ടർ,
   വി. റ്റി.സി, കോഴിക്കോട്
2. ശ്രീമതി. എസ്സ് സജിത,

പകർപ്പ്:

1.സൂപ്പർവൈസർ, വി. റ്റി.സി, കോഴിക്കോട്, 2
സൂപ്രണ്ട്, ഇ സെക്ഷൻ/ ഇ. 8 സീറ്റ്/ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്